കോഴിക്കോട് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)ടെ ഉത്തരവ്
(ഹാജർ : രാധാകൃഷ്ണൻ.വി.കെ)

സി.ആർ.പി(2)5592/19. തിയ്യതി:07.12.2019

വിഷയം:- വടകര സഹകരണ റൂറൽ ബാങ്ക് ക്ലിപ്തം നമ്പർ.എഫ്.1264- ബാങ്കിന്റെ വിവധ ശാഖകളിൽ സൂക്ഷിക്കാവുന്ന പരമാവധി നീക്കിയിരിപ്പ് സംഖ്യവർദ്ധിപ്പിക്കുന്നത് ഉത്തരവ് സംബന്ധിച്ച്.

സൂചന:- 1. ബാങ്ക് ഭരണസമിതിയുടെ 18.09.2019 ലെ XXI -ാം നമ്പർ തീരുമാനം.
2. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) വടകര-ടെ 16.10.2019-ലെ 902/2019/ബി നമ്പർ കത്ത്.

****

വടകര സഹകരണ റൂറൽ ബാങ്കിന്റെ വിവിധ ശാഖകളിൽ പരമാവധി സൂക്ഷിക്കാവുന്ന കയ്യിരിപ്പ് സംഖ്യ വർദ്ധിപ്പിക്കുന്നതിന് സൂചന (1) ഭരണസമിതി തീരുമാന പ്രകാരമുള്ള അപേക്ഷ സൂചന (2) പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചിരിക്കുന്നു.

ബാങ്കിന്റെ ഇടപാടുകൾ വർദ്ധിച്ചുവരുന്ന സാഹചര്യം പരിഗണിച്ചും പ്രവർത്തനം സുഗമാക്കുന്നതിനും ബാങ്കിന്റെ വിവധ ശാഖകളിൽ സംഖ്യ പരിധി വർദ്ധിപ്പിക്കുന്നത് അത്യാവശ്യമാണെന്ന് സൂചന (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സൂചന (1) ഭരണസമിതി തീരുമാനവും, സൂചന (2) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) വടകരയുടെ ശുപാർശയും പരിഗണിച്ച് താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

ക്ലിപ്തം നമ്പർ. എഫ്.1264 വടകര സഹകരണ റൂറൽ ബാങ്കിന്റെ കീഴിലുള്ള 12 ശാഖകളിലും സൂക്ഷിക്കാവുന്ന പരമാവധി കയ്യിരിപ്പ് സംഖ്യ താഴെ കാണിച്ച പ്രകാരം വർദ്ധിപ്പിച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | ശാഖകളുടെ പേര് | വർദ്ധിപ്പിച്ച നീക്കിയിരിപ്പ് തുക |
|---|---|---|
| 1 | വടകര മെയിൻ ശാഖ | 2 കോടി |
| 2 | അഴിയൂർ ശാഖ | 1 കോടി |
| 3 | കണ്ണൂക്കര ശാഖ | 1 കോടി |
| 4 | അടക്കാത്തെരു ശാഖ | 1 കോടി |
| 5 | മയ്യന്നൂർ ശാഖ | 1 കോടി |
| 6 | ചെമ്മരത്തൂർ ശാഖ | 1 കോടി |
| 7 | പുതുപ്പണം ശാഖ | 2 കോടി |
| 8 | വടകര ടൗൺ ശാഖ | 2 കോടി |

| | | |
|---|---|---|
| 9 | താഴെ അങ്ങാടി ശാഖ | 1 കോടി |
| 10 | വടകര നാരായണ നഗർ | 2 കോടി |
| 11 | തോടന്നൂർ ശാഖ | 25 ലക്ഷം |
| 12 | വില്ല്യാപ്പള്ളി ശാഖ | 25 ലക്ഷം |

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ(ജനറൽ)
കോഴിക്കോട്

സെക്രട്ടറി
വടകര സഹകരണ റൂറൽ ബാങ്ക്
ക്ലിപ്തം നമ്പർ.എഫ്.1264

പകർപ്പ് :-

1. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) വടകര.
2. സ്റ്റോക്ക് ഫയൽ.
3. മിച്ചം

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ

ജെ എം